(ബി) വിനോദ നികുതി എടുത്തുകളയൽ, ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കൽ, കേരളാ സിനിമാട്ടോഗ്രാഫി റൂൾസ് പുതുക്കൽ, പ്രദർശനശാലയിലെ വൈദ്യുതി നിരക്ക് കുറയ്ക്കൽ, തിയേറ്ററുകൾ പുതുക്കി പണിയുമ്പോൾ കെട്ടിട നിർമ്മാണ നിയമത്തിൽ അയവുവരുത്തൽ, ഹോൾഡ് ഓവർ തുക, വൈഡ് റിലീസ് അന്യ ഭാഷാ ചിത്രങ്ങളുടെ റിലീസ് എന്നീ വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടത്.

(സി) നിർദ്ദേശങ്ങൾ ഉന്നതാധികാര സമിതി പരിശോധിച്ച് വരികയാണ്. സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

കേരള സംസ്ഥാന ചലച്ചിത്ര വികസന കേർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

92 (5263) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചലച്ചിത്ര വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് എന്ന് വിശദീകരിക്കുമോ ;

(ബി) ചലച്ചിത്ര വികസന കേർപ്പറേഷന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്തെ ഏതൊക്കെ ജില്ലാ ആസ്ഥാനങ്ങളിലാണ് സിനിമാ പ്രദർശനശാലകൾ പ്രവർത്തിക്കുന്നത് ;

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇത്തരം സിനിമാശാലകൾ നിർമ്മിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) ഈ വർഷം ഏതൊക്കെ ജില്ലകളിൽ ചലച്ചിത്രവികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ പുതിയ സിനിമാശാലകൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ചലച്ചിത്ര വ്യവസായത്തിന്റെ ഉന്നമനത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചിത്രാഞ്ജലി സ്റ്റുഡിയോയുടെയും പ്രദർശന ശാലകളുടെയും നവീകരണ പദ്ധതികൾക്കും പുതിയ പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(1) ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണത്തിന്റെ ഭാഗമായി ഒരു A/C ഷൂട്ടിംഗ് ഫ്ളോറിന്റെ പണി ദ്രുതഗതിയിൽ നടക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(2) ഡിജിറ്റൽ ഫിലിം സാങ്കേതിക വിദ്യ വ്യാപകമായിക്കൊണ്ടിരിക്കുന്നത് പരിഗണിച്ച് ഹൈ ഡെഫനിഷൻ ഡിജിറ്റൽ ക്യാമറ കരസ്ഥമാക്കാൻ പുതിയ പദ്ധതിയുണ്ട്;

(3) ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വിസ്തൃതമായ സ്ഥലത്ത് ഒരു ഫിലിം സിറ്റി സ്ഥാപിക്കുന്നതിനുവേണ്ടി detailed project report തയ്യാറാക്കിവരികയാണ്;

(4) ചലച്ചിത്ര നിർമ്മാണത്തിനുവേണ്ട ആൾശേഷിയെ പരിശീലിപ്പിക്കുന്നതിനുവേണ്ട ഒരു സ്കൂൾ തുടങ്ങുന്നതിന് രൂപം നൽകികൊണ്ടിരിക്കുകയാണ്;

(5) നിലവിലുള്ള പ്രദർശന ശാലകളിൽ A/C സൗകര്യം ഇല്ലാത്ത തിയേറ്ററുകളിൽ A/C സൗകര്യം ചെയ്യുന്ന കാര്യം പരിശോധിച്ചുവരുന്നു;

(6) KSFDC-യ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ആലപ്പുഴയിലെ സ്ഥലത്ത് ഒരു തിയേറ്റർ വാണിജ്യസമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട് എന്നീ ജില്ലാ ആസ്ഥാനങ്ങളിലാണ് സിനിമാ പ്രദർശനശാലകൾ പ്രവർത്തിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഇക്കൊല്ലം ആലപ്പുഴ ജില്ലാ കേന്ദ്രത്തിൽ തിയേറ്റർ വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതാണ്.

കുട്ടികളുടെ ചലച്ചിത്ര നിർമ്മാണത്തിന് അവാർഡ്

93 (5264) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാമൂല്യമുള്ള സിനിമകൾക്ക് സർക്കാർ സബ്സിഡി വർദ്ധിപ്പിക്കുമോ ;

(ബി) സംസ്ഥാന, ദേശീയ, അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ച സിനിമകൾക്ക് വിനോദ നികുതി ഇളവും, സാമ്പത്തിക സഹായവും നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) കലാമൂല്യമുള്ള സിനിമകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സിനിമയുടെ സെൻസർഷിപ്പിന് ആവശ്യമായ പബ്ലിസിറ്റി, ക്ലിയറൻസ്, ടൈറ്റിൽ രജിസ്ട്രേഷൻ എന്നിവ നൽകുവാനുള്ള അധികാരം ചലച്ചിത്ര അക്കാദമിക്ക് നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly